**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2331** **21-06-2024 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതിയിൽ നിർമ്മിച്ച വീട് മറിച്ച് വിറ്റ് വാണിജ്യ കെട്ടിടമാക്കിയതിന്മേൽ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ മണ്ഡലത്തിലെ മൂത്തേടം പഞ്ചായത്തിൽ കാറ്റാടി വാർഡിൽ ലൈഫ് ഭവനപദ്ധതിയിൽ നിർമ്മിച്ച വീട് ഗുണഭോക്താവ് മറിച്ച് വിറ്റ് വാണിജ്യ കെട്ടിടമാക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംഭവത്തിൽ ഉൾപ്പെട്ട ലൈഫ് ഗുണഭോക്താവിന്റെ പേരും വിലാസവും വാണിജ്യകെട്ടിടം നിർമ്മിച്ച ഉടമയുടെ പേരും വിലാസവും ലഭ്യമാക്കാമോ; ലൈഫ് വീടിനായി ഗുണഭോക്താവ് ഏത് പഞ്ചായത്തിലാണ് അപേക്ഷ സമർപ്പിച്ചതെന്നും ഏത് പഞ്ചായത്താണ് ഗുണഭോക്താവിന്റെ വ്യക്തിഗത വിവരങ്ങൾ അന്വേഷിച്ച് റിപ്പോർട്ടാക്കിയതെന്നും ആയതിന്റെ പകർപ്പും അനുവദിക്കാമോ; | (ബി) | ലൈഫ് മിഷൻ ഗുണഭോക്താവിന്റെ പേര് ഷൈല ജോർജ്ജ്, W/o ജോർജ്ജ്, തയ്യിൽ കാറ്റാടി മൂത്തേടം.<br><br>വാണിജ്യ കെട്ടിടം നിർമ്മിക്കുന്ന ഉടമയുടെ പേര് റെന്നിമോൻ, മൂലംകുന്നത്ത്, താളിപ്പാടം നമ്പൂരി പൊട്ടി പി.ഒ.<br><br>ലൈഫ് മിഷൻ ഗുണഭോക്താവിനെ തെരെ ഞ്ഞെടുത്തിട്ടുള്ളതും വ്യക്തിഗതവിവ രങ്ങൾ അന്വേഷിച്ച് റിപ്പോർട്ടാക്കി യിട്ടുള്ളതും എടക്കര ഗ്രാമപഞ്ചാ യത്താണ്. ലൈഫ് മിഷൻ ഫേസ് 2 ആപ്ലിക്കേഷനിലെ ട്രാൻസ്ഫർ ഓപ്ഷൻ മുഖേന മൂത്തേടം ഗ്രാമപഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ചെയ്ത ഗുണഭോക്താവിനെ മൂത്തേടം ഗ്രാമപഞ്ചായത്തിൽ കരാർ ഒപ്പുവെച്ച് ധനസഹായം അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്താവിന്റെ വെരിഫിക്കേഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത് എടക്കര ഗ്രാമ പഞ്ചായത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറാണ്.<br><br>റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത സംഭവത്തിൽ സർക്കാർതലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ; അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ; പ്രസ്തുത ഫയലിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (സി) | ഇല്ല<br><br>പഞ്ചായത്തിൽ നിന്നും സ്ഥല പരിശോധന നടത്തി ലൈഫ് മിഷൻ ഗുണഭോക്താവിനും, വാണിജ്യകെട്ടിടം നിർമ്മിക്കുന്ന ഉടമയ്ക്കും നോട്ടീസ് നൽകിയിട്ടുണ്ട്. നിയമാനുസൃതമല്ലാതെ ലൈഫ് മിഷൻ വീട് വില്പ്പന നടത്തിയതിന് പദ്ധതി പ്രകാരം അനുവദിച്ച തുക പലിശ സഹിതം തിരിച്ചു പിടിക്കുന്നതിനും, പഞ്ചായ ത്തിന്റെ അനുമതിയില്ലാതെ സ്ഥലത്ത് നിർമ്മിക്കുന്ന കെട്ടിടത്തി നെതിരെ കേരള പഞ്ചായത്ത് രാജ് |

| | | | |
|---|---|---|---|
| | | | ആകും, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും പ്രകാരവും നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ലൈഫ് ഭവനപദ്ധതിയിൽ നിർമ്മിച്ച വീടിന്റെ മുകളിൽ വാണിജ്യകെട്ടിടം നിർമ്മിക്കാൻ മൂത്തേടം ഗ്രാമപഞ്ചായത്ത് നിർമ്മാണ പെർമിറ്റ് നൽകിയിട്ടുണ്ടോ; എങ്കിൽ പെർമിറ്റിന് അപേക്ഷകൻ സമർപ്പിച്ച രേഖകളുടെ പകർപ്പും പെർമിറ്റ് അനുവദിച്ചതിന്റെ രേഖകളുടെ പകർപ്പും ലഭ്യമാക്കാമോ; | (ഡി) | കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയിട്ടില്ല. |
| (ഇ) | പ്രസ്തുത സംഭവത്തിൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ചിട്ടുണ്ടോ; ഇത് പരിശോധിച്ച ഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഇ) | പ്രസ്തുത സംഭവത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം നടന്നിട്ടുണ്ടോ എന്നതിൽ വിശദമായ പരിശോധന നടത്തി റിപ്പോർട്ട് നൽകുന്നതിന് പഞ്ചായത്ത് സാങ്കേതിക വിഭാഗം അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അസി.എഞ്ചിനീയറുടെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

ഭരണഭാഷ-മാതൃഭാഷ

അനുബന്ധം

നമ്പർ.400843/GGLI01/GPO/2024/3607/(1)

എടക്കര ഗ്രാമ പഞ്ചായത്ത് ആഫീസ്

എടക്കര
എടക്കര.പി.ഓ
മലപ്പുറം
E-mail:mpmedakkaragp@gmail.com

തീയതി : 19/06/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

സെക്രട്ടറി
മൂത്തേടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- നിയമസഭ / പാർലമെൻറ് ചോദ്യങ്ങൾ,നിയമസഭാചോദ്യം

സൂചന:-
1. താങ്കളുടെ ഓഫീസിൽ നിന്നും 18/06/2024 ൽ ലഭ്യമായ കത്ത്.
2. എടക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16/05/2018 ലെ 2(1) നമ്പർ തീരുമാനം.

സൂചന കത്ത് പ്രകാരം ആവശ്യപ്പെട്ട ലൈഫ് ഗുണഭോക്താവായ ശ്രീമതി ഷൈല ജോർജ്ജ് W/O ജോർജ്ജ് , തയ്യിൽ വീട് , കാറ്റാടി , മൂത്തേടം പി ഒ എന്നവരെ സൂചന (2) പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം മൂത്തേടം ഗ്രാമപഞ്ചായത്തിലേക്ക് ലൈഫ് മിഷൻ സോഫ്റ്റ് വെയർ വഴി കൈമാറിയിട്ടുള്ളതാണ്. ടിയാരിയുടെ ലൈഫ് വേരിഫിക്കേഷൻ റിപ്പോർട്ട് ഇതൊടൊന്നിച്ച് അയക്കുന്നു.

വിശ്വസ്തതയോടെ,

Document certified by RADHAKRISHNAN K K
Digitally signed by RADHAKRISHNAN K K
Date: 2024.06.19 :49 IST
Reason: ILGMS Govt. of kerala

രാധാകൃഷ്ണൻ കെകെ
സെക്രട്ടറി

## വാർഡ് - 9

| SL.NO | NAME AND ADDRESS | REMARKS |
|---|---|---|
| 1. | നസീമ W/o ജാഫർ<br>പുഴക്കൽ (H) മേലെ മണ്ടേരി<br>എടക്കര Mob 9846137732 | 10 വർഷത്തോളമായി വാടകക്ക് താമസം. 4 മക്കൾ - കൂലിപണി. 9 സെന്റ് സ്ഥലം സ്വന്തമായി റേഷൻ കാർഡ് ഉണ്ട്<br>അനുവദിക്കാവുന്നതാണ് |
| 2. | സുലൈഖ പുത്തൻവീട്ടിൽ<br>കാക്കപ്പരത എടക്കര<br>mob 9745049027 | 3 വർഷമായി വാടകക്ക് താമസം. തൊഴിലുറപ്പ് തൊഴിലാളി. 3/4 സെന്റ്. സ്വന്തമായി R/C ഉണ്ട്.<br>അനുവദിക്കാവുന്നതാണ് |
| 3 | ജുവൈരിയത്ത് W/o അബൂബക്കർ<br>മേലെമണ്ടേരി എടക്കര<br>mob 9539665351 | 25 വർഷമായി വാടകക്ക് താമസം. കൂലിപണി. 3 മക്കൾ 8 സെന്റ് സ്വന്തമായി R/C ഇല്ല. കുടുംബശ്രീ കാർഡ്<br>അനുവദിക്കേണ്ടതില്ല. |
| 4. | സജിത വേരിക്കൽ മേലെമണ്ടേരി<br>എടക്കര<br>mob 9061902305 | 15 വർഷമായി വാടകക്ക് താമസം. 3 മക്കൾ കൂലിപണി. 10 സെന്റ് സ്ഥലം സ്വന്തമായി R/C ഉണ്ട്.<br>അനുവദിക്കേണ്ടതാണ്. [illegible] |
| 5. | ഷൈല W/o ജോസ് തട്ടിൽ<br>എടക്കര<br>Mob 9497263331 | 8 വർഷമായി വാടകക്ക് താമസം. 2 മക്കൾ കൂലിപണി. 6 സെന്റ് സ്ഥലം. ഭർത്താവിന്റെ പേരിൽ. സ്വന്തമായി R/C ഉണ്ട്. ഭർത്താവ് [illegible] |

| | | |
|---|---|---|
| 6. | റഹ്മത്ത് w/o അബ്ദുൽ നാസിർ<br>പറക്കതൊടിക (H) എടക്കര<br>Mob 9048870215. | 3 വർഷമായി വാടകക്ക് താമസം<br>ഭർത്താവ് 7 വർഷമായി തെങ്ങിൽ<br>വാരിയെല്ല് പൊട്ടി. സ്വന്തമായി 4<br>9 സെന്റ് സ്ഥലം.<br>അർഹതയുള്ളതാണ് |
| 7 | ഷീന w/o സുരേഷ്ബാബു<br>പാനാഞ്ഞി (H) എടക്കര<br>Mob 9946639230. | 10 വർഷമായി വാടകക്ക് താമസം<br>കൂലി പണി. 7 സെന്റ് സ്ഥലം<br>മൂത്തേടം. പഞ്ചായത്തിൽ.<br>സ്വന്തമായി R/C ഉണ്ട്. മൂത്തേടം.<br>പഞ്ചായത്തിലേക്ക് മാറിയതാണ് |
| 8. | ജമീല വിറകാൽ<br>ചേമ്പിൻതൊടി<br>എടക്കര<br>Mob. 8593809639 | വീട് അന്വേഷിച്ചു കണ്ടില്ല |

ആകെ വീടുകൾ - 8
അർഹരായവർ - 4
അനർഹരായവർ -
മറ്റ് പഞ്ചായത്തിലേക്ക് മാറിയവർ } - 2

[signature]
Village Extension Officer
Edakkara